കേരളകൗമുദി
ഫ്ലാഷ് കൗമുദി
2012 മേയ് 27 ഞായർ

LONDON 2012

ഹായ് എന്തു ഭംഗി

ജൂലായ് 27ന് തുടങ്ങുന്ന ഒളിംപിക്സിന് ലണ്ടൻ നഗരം അണിഞ്ഞൊരുങ്ങുകയാണ്. പഴയ ലണ്ടന്റെ മുഖഛായ മുഴുവൻ തുടച്ചുമാറ്റികൊണ്ട് ലോകത്തിനുമുന്നിൽ പുതിയൊരു ലണ്ടനാണ് കായികമാമാങ്കത്തിന് തയ്യാറെടുക്കുന്നത്. ലോക രാഷ്ട്രങ്ങളെ അതിശയിപ്പിക്കാനാണ് ദൃശ്യവിരുന്നിലൂടെ ലണ്ടൻ കണ്ണുവയ്ക്കുന്നത്

കാരൂർ സോമൻ, ലണ്ടൻ

ലണ്ടൻ യുവസുന്ദരിയായിരിക്കുന്നു. പഴഞ്ചൻ വേഷങ്ങൾ മുഴുവൻ അഴിച്ചെറിഞ്ഞ് പുത്തൻ വേഷങ്ങൾ അണിഞ്ഞ് അന്നനട വയ്ക്കും പോലെ. ചുമ്മാ മാറ്റുകയല്ല. മഹാമാമാങ്കത്തിനായി ഒരുങ്ങുകയാണ്. ഒളിംപിക്സിനെ വരവേൽക്കാനായി. ഇപ്പോൾ ലണ്ടന്റെ മുഖത്ത് നോക്കിയാൽ ഇത് ലണ്ടനാണോ എന്ന് അതിശയിച്ചു പോകും. മൂന്നാംതവണ ഒളിംപിക്സിന് ലണ്ടൻ വേദിയാകുമ്പോൾ ലോകത്തിന് മുന്നിൽ മനോഹാരിത നിറയ്ക്കുകയാണ്. 1908, 1998 വർഷങ്ങളിലായിരുന്നു ഒളിംപിക്സ് മുൻപ് നടന്നത്. വരുന്ന ജൂലായ് 27നാണ് മൂന്നാമത്തെ ആതിഥേയരാകുന്നത്. പുതിയ റോഡുകൾ, പുതിയ വാഹനങ്ങൾ, പുതിയ കെട്ടിടങ്ങൾ തുടങ്ങി ആധുനിക ടെക്നോളജിയുടെ കണ്ണഞ്ചിപ്പിക്കുന്ന വിസ്മയ വാതായനങ്ങൾ ഇവിടെ മിഴി തുറക്കപ്പെടുകയാണ്. പ്രകാശത്തിന്റെയും കരിമരുന്നുകളുടെയും ലേസർ രശ്മികളുടെയും സാലഭഞ്ജിക നൃത്തം ആകാശത്ത് വിരുന്നൊരുക്കുമ്പോൾ കാണികൾ അത്ഭുതരാവുക, ലണ്ടന്റെ മാറിയ മുഖം കൂടി കണ്ടു കൊണ്ടാവും. പരിസ്ഥിതിക്ക് ഇണങ്ങുന്ന രീതിയിലുള്ള കെട്ടിടനിർമ്മാണത്തിനു പുറമേ, ഇംഗ്ലീഷ് സംസ്കാരത്തിന്റെ മുദ്രകളെല്ലാം തന്നെ ഇവിടെ വിന്യസിക്കപ്പെട്ടിരിക്കുന്നു. ഏകദേശം നാലരലക്ഷത്തോളം പേർ ഒളിംപിക്സ് സമയത്ത് ലണ്ടൻ ഹീത്രു വിമാനത്താവളത്തിൽ എത്തുമെന്നാണ് കരുതപ്പെടുന്നത്. കാത്തിരിക്കുന്നത് പുതിയൊരു കായികമാമാങ്കത്തിന്റെ ദൃശ്യസാക്ഷാത്കാരമാകുമ്പോൾ ഇവിടെ താമസമാക്കിയിട്ടുള്ളവർക്കെല്ലാം തന്നെ അനുഭവിക്കാൻ കഴിയുന്നത് മാജിക്കൽ റിയലിസത്തിന്റെ പുത്തൻ ഏടുകളാണെന്നു പറയാതെ വയ്യ. ഇന്നലെ കണ്ട റോഡുകൾ, ബസുകൾ, ട്രാമുകൾ, മെട്രോകൾ എല്ലാം മാറിയിരിക്കുന്നു. ബാങ്കുകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മാളുകൾ എല്ലാം മാറിയിരിക്കുന്നു. സിൻഡ്രല കണ്ട സ്വപ്നത്തിലെന്നതു പോലെ പുതിയൊരു നഗരം, മുഖം മിനുക്കിയ ലണ്ടൻ പരിസരവാസികളെ പോലും അത്ഭുതപ്പെടുത്തുന്നു. എല്ലാം ഒളിംപിക്സ് തന്ന മഹാഭാഗ്യം.

യുണൈറ്റഡ് കിംഗ്ഡത്തിലെ ഏറ്റവും വലിപ്പമേറിയതും ജനസംഖ്യയുള്ളതുമായ രാജ്യമാണ് ഇംഗ്ലണ്ട്. യുണൈറ്റഡ് കിംഗ്ഡത്തിലെ ജനസംഖ്യയുടെ 83 ശതമാനവും വസിക്കുന്ന ഇംഗ്ലണ്ട് ഗ്രേറ്റ് ബ്രിട്ടൻ ദ്വീപിന്റെ മൂന്നിൽ രണ്ട് ഭൂപ്രദേശം ഉൾക്കൊള്ളുന്നു. ഇംഗ്ലണ്ടിന്റെ വടക്ക് സ്കോട്ട്ലന്റും പടിഞ്ഞാറ് വെയ്ൽസും മറ്റു ഭാഗങ്ങൾ വടക്കൻ കടൽ, ഐറിഷ് കടൽ, സെൽറ്റിക് കടൽ, ബ്രിസ്റ്റൾ ചാനൽ, ഇംഗ്ലീഷ് ചാനൽ എന്നിവയാൽ ചുറ്റപ്പെട്ടിരിക്കുന്നു. ഇംഗ്ലണ്ടിന്റെ തലസ്ഥാനമായ ലണ്ടൻ ഗ്രേറ്റ് ബ്രിട്ടണിലെ ഏറ്റവും വലിയ നാഗരികപ്രദേശവും മിക്ക രീതിയിലും യൂറോപ്യൻ യൂണിയനിലെ ഏറ്റവും വലിയ നാഗരികപ്രദേശവും ആണ്. ലോകത്തിലെ ഏറ്റവും വലിയ നഗരങ്ങളിലൊന്നായ ലണ്ടനിൽ വീണ്ടും ഒളിംപിക്സ് എത്തുമ്പോൾ വിസ്മയത്തിന് അതിരുകളില്ലെന്നതാണ് സത്യം. നിരത്തുകളും പാർക്കുകളും സ്റ്റേഡിയങ്ങളും ഹോട്ടലുകളുമെല്ലാം പുനർനിർമ്മിക്കുന്നു. തെംസ് നദിയുടെ തീരത്തുള്ള ലണ്ടനിലെ ഏറ്റവും വലിയ അത്ഭുതമായ ലണ്ടൻ ഐ എന്ന നിരീക്ഷണചക്രത്തിൽ ലേസർ രശ്മികൾ സ്ഥാപിക്കുന്നു. അങ്ങനെ പുതിയൊരു ലണ്ടൻ പിറവി കൊള്ളുകയാണ്. വിസ്മയ പറുദീസയായി മാറുന്ന ലണ്ടൻ ഐ-യിലേയ്ക്കാവും ഒളിംപിക്സിന്റെ സന്ദർശക ഗാലറി തുറക്കപ്പെടുക. ലണ്ടനിലെ ഏറ്റവും വലിയ ഹൈലൈറ്റും ഇതു തന്നെ. 135 മീറ്റർ ആണ് ലണ്ടൻ ഐയുടെ ഉയരം. തെളിഞ്ഞ അന്തരീക്ഷം ആണെങ്കിൽ 45 കിലോമീറ്റർ ദൂരം ഇതിൽ നിന്നും കാണാൻ കഴിയും. 32 ക്യാപ്സൂൾ ആകൃതിയുള്ള മുറികൾ എല്ലാം തന്നെ എസിയാണ്. ഓരോ മുറിയും 25 പേർക്ക് നിൽക്കാനും ഇരിക്കാനും കഴിയുന്ന രീതിയിൽ നിർമ്മിച്ചിരിക്കുന്നു. മണിക്കൂറിൽ 900 മീറ്റർ വേഗതയിൽ തിരിയുന്ന ഈ ചക്രം, മുപ്പതു മിനിറ്റു കൊണ്ട് ഒരു കറക്കം പൂർത്തിയാക്കുന്നു. ചെറിയ വേഗതയിലെ ഈ കറക്കം കാരണം ആളുകൾ കയറാൻ ഇതു സാധാരണ നിർത്താറില്ല. കറങ്ങിക്കൊണ്ടിരിക്കേ ആളുകൾ കയറുകയാണ് പതിവ്.

സാധാരണ ഒബ്സേർവറിന് വ്യത്യസ്തമായി 360 ഡിഗ്രിയിൽ ചുറ്റുപാടുകൾ വീക്ഷിക്കാനുള്ള സംവിധാനം ലണ്ടൻ ഐയ്ക്കുണ്ട്. ഒളിംപിക്സിനു വേദിയാവുന്ന ലണ്ടനിലെ ഏറ്റവും വലിയ അത്ഭുതമായി മാറുന്നതും ഈ വീൽ തന്നെയാവും. പുറമേ ബ്രിട്ടീഷ് മ്യൂസിയം, നാഷണൽ ഗാലറി, ടെയ്റ്റ് മോഡേൺ, നാചറൽ ഹിസ്റ്ററി മ്യൂസിയം, സയൻസ് മ്യൂസിയം, ടവർ ഓഫ് ലണ്ടൻ, നാഷണൽ മാരിടൈം മ്യൂസിയം, വിക്ടോറിയ ആൻഡ് ആൽബർട്ട് മ്യൂസിയം, മാദാ ടുസാഡ്സ് എന്നിവയും കാഴ്ചക്കാർക്ക് നറുദർശനമാവും.

ഒളിംപിക്സ് പതാക ഉയരുന്ന ഈസ്റ്റ് ലണ്ടനിലെ സ്ട്രാറ്റ്ഫോർഡിലെ 200 ഹെക്ടർ ഒളിംപിക് പാർക്ക് ആധുനികലോകത്തിനു സമർപ്പിക്കുന്ന കൈനീട്ടമായിരിക്കുമെന്നുറപ്പ്. ഒളിംപിക്സിനു ശേഷം ഇത് എലിസബത്ത് രാജ്ഞിയുടെ ഡയമണ്ട് ജൂബിലിയോടനുബന്ധിച്ച് ക്യൂൻ എലിസബത്ത് ഒളിംപിക് പാർക്ക് എന്ന പേരിൽ അറിയപ്പെടും. ഒളിംപിക്സിന്റെ പ്രധാന വില്ലേജായ ഇവിടെയാണ് അത്‌ലറ്റിക്സ് ഉൾപ്പെടെയുള്ള സ്പോർട്സിംഗ് ഇവന്റുകൾ നടക്കുക. ഈസ്റ്റ് ലണ്ടന്റെ ഭാഗങ്ങളായ സ്ട്രാറ്റ്ഫോർഡ്, ബോ, ലെയ്ട്ടൺ, ഹൊമർട്ടൺ (ഹക്കിനി), സ്പ്ലഹാം എന്നിവ ചേർന്നതാണ് ഒളിംപിക്സ് വില്ലേജ്. അക്വാട്ടിക്സ് സെൻറർ, ഒളിംപിക് സ്റ്റേഡിയം, വാട്ടർ പോളോ അരീന, റിവർ ബാങ്ക് അരീന, ലണ്ടൻ വെലോ പാർക്ക്, കോപ്പർ ബോക്സ്, ബാസ്ക്കറ്റ്ബോൾ അരീന എന്നിവ ചേർന്ന ഈ അതിവിശാല വില്ലേജിന് നൂറുകണക്കിനു രാജ്യങ്ങളിൽ നിന്നുള്ള അത്‌ലറ്റുകളെയും ഒഫീഷ്യലുകളെയും ഉൾക്കൊള്ളാനുള്ള ശേഷിയുണ്ട്. ഇവർക്ക് താമസ- പരിശീലന സൗകര്യമൊരുക്കിയിരിക്കുന്നതും ഇവിടെ തന്നെ. ഒളിംപിക്സിനു വേണ്ടി ഈ പാർക്ക് തുറന്നു കൊടുക്കുമ്പോൾ യു.കെയുടെ ചരിത്രത്തിലെ ഏറ്റവും വലിയ പൊതുമേഖല നിർമ്മാണമായി ഇതു മാറും. ഇവിടെ മാത്രം 3600 അപ്പാർട്ട്മെൻറുകൾ സ്ട്രാറ്റ്ഫോർഡ് സിറ്റി ഡെവലപ്പ്മെൻറ് കോർപ്പറേഷൻ നിർമ്മിച്ചു കഴിഞ്ഞു. സ്പോർട്സ് സയൻസ്, ഡിജിറ്റൽ മീഡിയ, ഗ്രീൻ ടെക്നോളജി എന്നിവയെക്കുറിച്ച് പഠിക്കാൻ ലോകോത്തര സർവകലാശാലകളിലൊന്ന് ഒളിംപിക്സ് കഴിഞ്ഞാലുടൻ ഇവിടെ പ്രവർത്തനം ആരംഭിക്കും. 150 വർഷത്തിനുള്ളിൽ യൂറോപ്പിൽ നിർമ്മിച്ച ഏറ്റവും വലിയ പാർക്ക് എന്ന ഖ്യാതിയും ഈ ഒളിംപിക് വില്ലേജ് കൈക്കലാക്കും. പരിസ്ഥിതിക്ക് തികച്ചും യോജിച്ച രീതിയിലുള്ള കെട്ടിടനിർമ്മാണം മാത്രമല്ല, തനതു രീതിയുള്ള ഉദ്യാന രൂപീകരണവുമെല്ലാം ലണ്ടൻ ഒളിംപിക് വില്ലേജിനെ ലോകപ്രശസ്തിയിലേക്ക് ഉയർത്തും. പോയ തവണത്തെ ബെയ്ജിങ്ങ് ഒളിംപിക്സിനെ എല്ലാ തരത്തിലും മറികടക്കാനുള്ള പദ്ധതികളാണ് ഇവിടെ ഒരുക്കുന്നത്. അതിനായി ലോകത്തിന്റെ വിവിധ ഭാഗത്തുനിന്നുള്ള നിർമ്മാണ വിദഗ്ധർ കഴിഞ്ഞ ആറു വർഷമായി ലണ്ടനിൽ താമസിക്കുന്നു.

രണ്ടു മാസം കൂടിയുണ്ടെങ്കിലും ഈ മഹാനഗരം ഒളിംപിക്സിനെ വരവേൽക്കാൻ ഒരുങ്ങിക്കഴിഞ്ഞു. തെംസ് നദീ തീരത്തു നിന്നു നോക്കിയാൽ എല്ലാ ഒരുക്കങ്ങളും കാണാം. പുതിയ വർണങ്ങൾ ചാർത്തിയ ലണ്ടന്റെ മാറിയ മുഖം ഇവിടെയെത്തുന്ന കായികതാരങ്ങളുടെ മാത്രമല്ല, ഓരോ സഞ്ചാരിയുടെയും മനം നിറയ്ക്കുമെന്നുറപ്പ്. സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ എല്ലാ തുടിപ്പുകളെയും അതേപടി നിലനിർത്തിയ ഒരു ലോകത്തേക്കാണ് ഈ നഗരം സഞ്ചാരികളെ സ്വാഗതം ചെയ്യുന്നത്.